# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4493** 25-10-2016 -ൽ **മറുപടിക്ക്**

### സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം<br>ശ്രീ. എം. രാജഗോപാലൻ : | | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സമ്പൂർണ്ണ വൈദ്യുതീകരണം സമയ ബന്ധിതമായി പ്രഖ്യാപിക്കുന്നതിനുള്ള തടസ്സങ്ങളെന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | മാർച്ച് 2017-ഓടു കൂടി കേരളത്തിലെ എല്ലാ വീടുകളും വൈദ്യുതീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. നിലവിലെ കണക്കനുസരിച്ച് 1,16,240 ഉണഭോക്താക്കൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ആകെ രജിസ്റ്റർ ചെയ്യപ്പെട്ടവയിൽ വയറിംഗ് പൂർത്തീകരിച്ചിട്ടില്ലാത്ത 60,433 വീടുകൾ ഉണ്ട്. വയറിംഗ് പൂർത്തീകരിക്കാൻ തീരെ സാമ്പത്തിക ശേഷിയില്ലാത്ത ഉണഭോക്താക്കളുടെ വീടുകൾ വയറിംഗ് നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, MLA മാരുടെ ഫണ്ട്, പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് തുടങ്ങിയവ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ സന്നദ്ധ സംഘടനകൾ, വ്യക്തികൾ തുടങ്ങിയവരിൽ നിന്നുള്ള സഹായം സ്വീകരിച്ചും നിർദ്ധനരായ ഉണഭോക്താക്കളുടെ വീടുകൾ വയറിംഗ് നടത്താൻ നിർവ്വഹണ സമിതികൾ ശ്രമിക്കും. വൈദ്യുതി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുവാദം ആവശ്യമുള്ള വനമേഖലകളിലും നിലവിലുള്ള വൈദ്യുതി ശൃംഖല എത്തിക്കാൻ സാധ്യമല്ലാത്ത വിദൂര കോളനികളിലും De-Centralised & Distributed Generation (DDG) and Micro-Grid നടപ്പാക്കേണ്ടതായി വരും. സമ്പൂർണ്ണ വൈദ്യുതീ കരണ |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള മറ്റ് വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് വീടുകളുടെ സമീപത്തേക്ക് വിതരണ ശൃംഖല വ്യാപിപ്പിക്കേണ്ടതുണ്ട്. ഇതിനായി ട്രാൻസ് ഫോർമറുകൾ, പോസ്റ്റുകൾ എന്നിവ സ്ഥാപിക്കൽ, ത്രീ ഫേസ്, സിംഗിൾ ഫേസ് ലൈൻ വലിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തേണ്ടതുണ്ട്. പുതുതായി നിർമ്മിക്കേണ്ട വൈദ്യുത ലൈൻ മറ്റുള്ളവരുടെ വസ്തുവിലൂടെ കടന്നുപോകേണ്ടതുണ്ടെങ്കിൽ ആയതിന് വസ്തു ഉടമയുടെ അനുവാദം ആവശ്യമുണ്ട്. ഇത് ലഭിക്കാത്ത പക്ഷം 'അധികാരപ്പെട്ട റവന്യൂ ഉദ്യോഗസ്ഥരുടെ അനുമതി ലഭിച്ച ശേഷം മാത്രമേ വൈദ്യുത ലൈൻ നിർമ്മിക്കാനാകുകയുള്ളൂ. കാലതാമസം കൂടാതെ അനുമതി ലഭ്യമാക്കാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാരംഭ കണക്കുകൾ പ്രകാരം ഏകദേശം 160 കോടി രൂപയാണ് (DDG/Micro Grid ഉൾപ്പെടുത്താതെ) പദ്ധതി ചിലവായി കണക്കാക്കപ്പെടുന്നത്. ഓരോ നിയോജക മണ്ഡലത്തിലും സമ്പൂർണ്ണ വൈദ്യുതീകരണ ത്തിനുള്ള എസ്റ്റിമേറ്റ് തുകയുടെ 50% (പരമാവധി 1 കോടി രൂപ ഓരോ നിയോജക മണ്ഡലത്തിലും) കെ എസ് ഇ ബി ലിമിറ്റഡ് വഹിക്കുന്നതും ബാക്കി തുക LSGD, SC/ST ക്ഷേമ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതി നിധികളുടെ (MLA SDF, MLA ADF,MP LAD)ഫണ്ടുകൾ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ലഭിച്ചുകഴിഞ്ഞാൽ മാത്രമേ വൈദ്യുതീകരണത്തിനുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. വൈദ്യുതി കണക്ഷനുള്ള അപേക്ഷാ ഫോറം |

| | | | |
|---|---|---|---|
| | | | ലഘൂകരിക്കുന്നതിനും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ കാര്യത്തിലും ഉപഭോക്താവിന് ഉപയോഗപ്രദമായ രീതിയിൽ ആവശ്യമായ മാറ്റങ്ങൾ സപ്ലൈ കോഡ് റെഗുലേഷനുകളിൽ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനു നൽകിയിട്ടുണ്ട്. |
| (ബി) | പ്രോപ്പർട്ടീസ് ക്രോസിംഗ് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിച്ച് ഇത് സമയബന്ധിതമായി നടപ്പാക്കാൻ റവന്യൂ അധികൃതർ ഉൾപ്പെടെയുള്ള വർക്ക് നിർദ്ദേശം നൽകിയിട്ടു ണ്ടോയെന്ന് വെളിപ്പെടുത്തുമോ? | (ബി) | നിലവിൽ പ്രോപ്പർട്ടി ക്രോസിംഗ് തർക്കം ഉള്ള കേസുകൾ ജില്ലാ കളക്ടർമാരുടെ ശ്രദ്ധയിൽകൊണ്ടു വരികയും അത് വേഗത്തിൽ പരിഹരിയ്ക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>സമ്പൂർണ്ണവൈദ്യുതീകരണ പദ്ധതിപ്രകാരം വൈദ്യുതി കണക്ഷനായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നല്കുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലെ ജീവനക്കാർ സ്ഥല പരിശോധന നടത്തുന്നുണ്ട്. സ്ഥല പരിശോധനയിൽ ഉപഭോക്താവിന് വൈദ്യുതി കണക്ഷൻ നല്കുന്നതിന് മറ്റ് സ്വകാര്യ വസ്തുക്കളിൽ കൂടി വൈദ്യുതി ലൈൻ വലിക്കേണ്ടി വരുമെന്ന് ബോദ്ധ്യപ്പെടുകയും ഇതിന് ബന്ധപ്പെട്ട വസ്തു ഉടമകൾ എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിലും പ്രോപ്പർട്ടി ക്രോസ്സിംഗ് Objection ഉണ്ടാകാൻ സാദ്ധ്യതയുണ്ട് എന്ന് ഉപഭോക്താവ് അറിയിക്കുന്ന സാഹചര്യങ്ങളിലും ഉടനെ തന്നെ ഇക്കാര്യം റവന്യൂ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടു വരുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

Hemalatha

**സെക്ഷൻ ഓഫീസർ**